# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

**2017 മാർച്ച് 1 ബുധൻ**

**മാർ ഏലിയാ കത്തീഡ്രൽ അങ്കണം**

**എം. ഡി. സെമിനാരി, കോട്ടയം**

## മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ
## യോഗത്തിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ
## പൗലോസ് ദ്വിതീയൻ
## കാതോലിക്കാ ബാവാ തിരുമേനി നടത്തിയ പ്രസംഗം

## 2017 മാർച്ച് മാസം 1-ാം തീയതി ബുധനാഴ്ച കോട്ടയം എം. ഡി. സെമിനാരിയിലെ മാർ ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ വച്ച് കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി നടത്തിയ പ്രസംഗം

ത്രിയേക ദൈവത്തിനു സ്തുതി,

നമ്മുടെ അഭിവന്ദ്യരായ സഹോദരമെത്രാപ്പോലീത്താമാരെ,
വന്ദ്യ കോർഎപ്പിസ്കോപ്പാമാരെ, റമ്പാച്ചന്മാരെ, സ്നേഹനിധികളായ വൈദികരെ, മലങ്കര സഭയുടെ അഭിമാനവും മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങളുമായ നമ്മുടെ വാത്സല്യമക്കളെ,

സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവത്തിന്റെ അതിബഹുലമായ കൃപയാലും മനുഷ്യസ്നേഹത്താലും 2016 ഒക്ടോബർ മാസം 27-ാം തീയതിയിലെ നമ്മുടെ 259/2016-ാം നമ്പർ കല്പനപ്രകാരം പുതുതായി രൂപീകൃതമായിരിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഈ യോഗത്തെ അഭിസംബോധന ചെയ്യുവാൻ ബലഹീനനായ നമ്മെ യോഗ്യനാക്കിയ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. നമ്മുടെ ആനന്ദവും പ്രതീക്ഷയുമായ നിങ്ങളേവരുടെയും സാന്നിധ്യം നമ്മെ ബലപ്പെടുത്തുകയും ആഹ്ലാദഭരിതനാക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവിന്റെ പ്രിയ ശിഷ്യന്മാരിലൊരുവനും അധികദൂരം പ്രയാണം ചെയ്ത് തന്റെ വേലയെ പൂർത്തികരിച്ചവനുമായ വി. മാർത്തോമാ ശ്ലീഹായുടെ സുധീരപൈതൃകം പേറുന്ന പൗരാണികസഭയാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. മലമേൽ പ്രകാശിക്കുന്ന പട്ടണംപോലെ ശോഭിക്കുന്നതും സത്യപ്രഭയിൽ ചേർന്നു നടക്കുന്നതും ഇരുൾ പിടികൂടാതിരിക്കുന്നതുമാവണം നമ്മുടെ നടപടികൾ! നമുക്ക് പോരാട്ടമുള്ളത് അന്ധകാര ലോകത്തിന്റെ സേനാധിപതികളോടാണ്. സാത്താനോടുള്ള പോരാട്ടത്തിലെ പ്രധാന ആയുധമാകുന്ന നോമ്പിലേക്ക് നാമേവരും പ്രവേശിച്ചിരിക്കുന്നു. പ്രാർത്ഥന നോമ്പുപവാസങ്ങളിലൂടെ ആന്തരികബലവും ചിത്തശുദ്ധിയും ജ്ഞാനപ്രകാശവും സിദ്ധിച്ചിരുന്ന ധന്യരായ നമ്മുടെ പൂർവ്വഗാമികളുടെ അതിവിശിഷ്ട പാരമ്പര്യത്തിൽ നിന്ന് നാം വ്യതിചലിക്കാത്തവരും കുറ്റമില്ലാത്തവരും ആയിരിക്കണം. ആകയാൽ, "തിന്മയോട് തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക" എന്ന അപ്പോസ്തലിക പ്രബോധനത്തെ സഗൗരവം നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

വാത്സല്യമക്കളെ,

നമ്മുടെ കർത്താവും ദൈവവുമായ യേശുമശിഹാതമ്പുരാൻ തന്റെ മണവാട്ടിയായ പ. സഭയെ ഇന്നെയോളം എത്രമേൽ ശ്രദ്ധയോടെ പരിപാലിക്കുന്നുവെന്നത് നാം നാൾതോറും രുചിച്ചറിയുന്ന യാഥാർത്ഥ്യമാണ്. വൈഷമ്യങ്ങളും പ്രതിസന്ധികളും ഉണ്ടാകാതിരുന്നിട്ടുള്ള കാലമേതാണ്? ദൈവജനത്തിന്റെ ചരിത്രം തന്നെ നമുക്ക് ദൃഷ്ടാന്തമാണ്. മിസ്രയീമിലെ

ബന്ധനത്തിൽനിന്ന് വാഗ്ദത്തദേശം തേടിയുള്ള വിമോചനയാത്രയിൽ എത്രകഠിനമായ പരീക്ഷകൾ അവർ നേരിടുന്നു! തത്സമയം അവരിൽ നിന്നുണ്ടാകുന്ന പിറുപിറുക്കലുകളും ധാർഷ്ട്യത്തിന്റെയും ഔദ്ധത്യത്തിന്റെയും പരുഷശബ്ദങ്ങളും എത്രയധികമാണ്! അത്രമേൽ മലീമസമായ അന്തരീക്ഷത്തിലും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനായ മോശ ദൈവകല്പനകളെ മാറോട് ചേർത്തുവെയ്ക്കുന്നു. തന്റെ നോമ്പുപവാസങ്ങൾ ആവർത്തിക്കുന്നു. കാരണം മറ്റൊന്നുമല്ല, മരുഭൂമിയിൽ ജനം നേരിടുന്ന പ്രതികൂലതകൾക്ക് സമാന്തരമായി തക്കസമയങ്ങളിൽ അന്നമായും ജലമായും വെളിച്ചമായും തണലായും കൂടെ നടക്കുന്ന ദൈവസാന്നിധ്യത്തെ താൻ തിരിച്ചറിഞ്ഞിരുന്നു. ഏത് പ്രതികൂലതകളിലും നാം തിരിച്ചറിയേണ്ട സത്യം ഇതുതന്നെയാണ്. ദൈവനടത്തിപ്പിന്റെ വലിയൊരു ചരിത്രം നമുക്കുണ്ട്. അത് ഇന്നും തുടരുന്നു എന്ന് നമുക്ക് ഉത്തമ ബോധ്യവുമുണ്ട്.

വാത്സല്യമക്കളെ,

സമീപ നാളുകളിൽ നാം അനുഭവിച്ചു പോരുന്ന ദൈവ കരുണയുടെ വഴികൾ നൽകുന്ന സാക്ഷ്യം നാമേവരുടെയും ദൈവാശ്രയം വർദ്ധിപ്പിക്കുമെന്ന് നമുക്കുറപ്പുണ്ട്. സമൂഹത്തിൽ ഒരു പറ്റമാളുകളെ അതിവേഗം നിരാശ്രയരും നിസ്സഹായരുമാക്കുന്ന മഹാവിപത്തായി അർബുദരോഗം പടരുമ്പോൾ, മലങ്കരസഭയുടെ സാമൂഹികപ്രതിബദ്ധതയുടെ അടയാളമായിത്തീരുവാൻ സ്വർഗ്ഗത്തിലെ ദൈവം നമുക്ക് സാധിപ്പിച്ചു തന്ന കാര്യം തന്നെയാണ് പരുമല സെ. ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്റർ. പ. സഭയുടെ കനിവിന്റെ മുഖമായിത്തീർന്ന ഈ സ്വപ്നസാക്ഷാത്ക്കാരത്തിന് പിന്നിൽ അനേകരുടെ പ്രാർത്ഥനയും പ്രയത്നവുമുണ്ട്. ചികിത്സാ സഹായപദ്ധതിയായി വിഭാവന ചെയ്ത 'സ്നേഹസ്പർശ'ത്തിന് ലഭിക്കുന്ന പ്രോത്സാഹനം വളരെ ശ്ലാഘനീയമാണ്. എന്നാൽ ഇവയുടെ പൂർത്തീകരണത്തിന് ഭീമമായ സാമ്പത്തിക ബാദ്ധ്യത ഉള്ളതിനാൽ നിങ്ങളേവരുടെയും സഹായസഹകരണങ്ങൾ തുടർന്നും നാം ആവശ്യപ്പെടുന്നു. മേൽപറഞ്ഞ ബൃഹത് പദ്ധതികൾക്കു പുറമേ, വ്യത്യസ്തങ്ങളായ ജീവകാരുണ്യപദ്ധതികൾ, ഓരോവർഷവും വേറിട്ട ചിന്താവിഷയങ്ങളെ മുൻനിർത്തി രൂപപ്പെടുത്തിയതും മനുഷ്യവിഭവ വികസനത്തിലൂന്നിയതുമായ ബോധവത്കരണ പദ്ധതികൾ, എന്നിവയിലൂടെ വ്യത്യസ്ത ജീവിതാന്തസ്സുകളിലുള്ളവരെ അഭിസംബോധന ചെയ്യുന്നതിന് ദൈവം നാമേവരേയും മുഖാന്തരമാക്കിയല്ലോ. ആകയാൽ, "കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവരുടെമേൽ കരുണയുണ്ടാകും" എന്ന തിരുവചനം മനസ്സലിവോടെ നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

വാത്സല്യമക്കളെ,

മലങ്കര സഭയുടെ അരുമസന്താനങ്ങൾ ഒരുമിച്ചുകൂടാനുള്ള പല അവസരങ്ങൾ ഉണ്ടായത് നിങ്ങൾ ഓർമ്മിക്കുമല്ലോ! കാതോലിക്കേറ്റ് ശതാബ്ദി, പഴയസെമിനാരി ദ്വിശതാബ്ദി എന്നിവയോടനുബന്ധിച്ച് നടത്തിയ സമ്മേളനങ്ങൾ; പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് ഒന്നാമൻ തിരുമേനിയിൽ തുടങ്ങി മഹാരഥികളായ പൂർവ്വപിതാക്കന്മാരുടെ സ്മരണകളെ പുരസ്കരിച്ച് നടത്തിയ വിശ്വാസി സംഗമങ്ങൾ - ജനപങ്കാളിത്തംകൊണ്ട് നമ്മെ അതിശയിപ്പിച്ചവയാണിവയെല്ലാം. കേവലം ആഘോഷങ്ങൾക്കും ആൾക്കൂട്ടങ്ങൾക്കുമപ്പുറം മാർത്തോമാ നസ്രാണി പാരമ്പര്യത്തിന്റെ സ്വത്വബോധപ്രകാശനങ്ങളും വിളംബരങ്ങളുമാണവ എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. പുനർനിർമ്മിച്ച് പ്രതിഷ്ഠിക്കപ്പെട്ട കൂനൻകുരിശ് ദേവാലയം മലങ്കര നസ്രാണികളുടെ സ്വാതന്ത്ര്യബോധത്തിന്റെ ചിരകാല സ്മരണയായി ഉയർത്തപ്പെട്ടിരി

ക്കുന്നു. ഇത്തരം ഓർമ്മകളുടെ ആഘോഷം നമ്മിൽ ചരിത്രബോധമുളവാക്കുന്നു. ചരിത്ര ബോധം നമ്മിൽ ആത്മധൈര്യമുണർത്തുന്നു. അടിമത്തം അപമാനമാണ് എന്ന തിരിച്ചറിവി ലെത്താത്തവർ ഇനിയുമുണ്ട്. അത്തരക്കാർ വ്യവഹാരങ്ങളിലേയ്ക്ക് നമ്മെ വലിച്ചിഴയ്ക്കു ന്നു. നീതി നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളിൽ നമ്മുടെ മുമ്പിൽ മറ്റുപോംവഴികളില്ല. പൊതു നിയമസംവിധാനത്തോട് നാം പുലർത്തുന്ന ആദരവ് കേവലം ബലഹീനതയായി ഗണിക്കേണ്ടതില്ല എന്നും പറഞ്ഞുകൊള്ളട്ടെ. ഒരു രാഷ്ട്രീയ അധികാരസ്ഥാനത്തോടും പ്രത്യേക മമതയോ വിദ്വേഷമോ നമുക്കില്ല. നമ്മുടെ നാഥനും രക്ഷിതാവുമായ യേശുമശി ഹായിലാണ് നമ്മുടെ ശരണവും ആശ്രയവും! ആകയാൽ "ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരി പ്പിൻ" എന്ന തിരുവചനം ജാഗ്രതയോടെ നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

വാത്സല്യമക്കളെ,

ഏറെ സംഗതമായ മറ്റൊരു വിചാരവും നാം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അസ ഹിഷ്ണതയുടെയും ജാതിമതവിദ്വേഷങ്ങളുടെയും അപസ്വരങ്ങൾ സമൂഹത്തെ അസ്വസ്ഥ മാക്കുന്നു. മനുഷ്യജീവിതത്തെ ദുസ്സഹമാക്കുന്നു. ദുരഭിമാനത്തിന്റെ പൊട്ടക്കിണറ്റിൽ വീണു കിടക്കുന്നതല്ല ജാത്യാഭിമാനത്തിന്റെയും ദേശാഭിമാനത്തിന്റെയും ലക്ഷണം. പിന്നെയോ പങ്കാ ളിത്തപരമായ സഹവർത്തിത്വത്തിലേയ്ക്ക് നമ്മെ നയിക്കുന്ന ആന്തരികബലമാണ്. സമീപ കാലത്ത് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാനമേലദ്ധ്യക്ഷൻ എന്ന നില യിൽ നമ്മെ സ്വീകരിച്ച പ. പിതാക്കന്മാരെ സ്നേഹപൂർവ്വം സ്മരിക്കുന്നത് ഉചിതമെന്ന് നാം കരുതുന്നു. റോമൻ കത്തോലിക്കാ സഭാ തലവൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ, കോപ്റ്റിക്ക് സഭാധ്യക്ഷൻ പ. പോപ്പ് തവദ്രോസ് ദ്വിതീയൻ, അന്ത്യോഖ്യൻ സുറിയാനി സഭ യുടെ മേലദ്ധ്യക്ഷൻ പ. ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് എത്യോപ്യൻ പാത്രിയർക്കീസ് പ. ആബൂനാ മത്ഥിയാസ് പ്രഥമൻ, സുപ്രീം പാത്രിയർക്കീസ് ആൻഡ് കാതോലിക്കോസ് ഓഫ് ഓൾ അർമ്മീനിയൻസ് പ. കരേക്കിൻ രണ്ടാമൻ, ലെബനോനിലെ പ. അരാം പ്രഥമൻ കാതോലിക്കാ എന്നിങ്ങനെ സമകാലിക ക്രൈസ്തവലോകത്തിലെ ശ്രേഷ്ഠ പിതാക്കന്മാരുമായി നടന്ന കൂടിക്കാഴ്ചകൾ ഇതര സഭാബന്ധങ്ങളിലെ സഹോദ ര്യത്തെ ഊട്ടിയുറപ്പിക്കുന്നതായിരുന്നു. ക്രമബദ്ധവും സുസ്ഥിരവുമായ ആഭ്യന്തരഭരണസം വിധാനത്തെ ത്വരിതപ്പെടുത്തുവാൻ ഉതകുംവിധം സഭാ സെക്രട്ടറിയേറ്റ് മന്ദിരം (ഹെഡ്ക്വാ ർട്ടേഴ്സ് ഓഫീസ്) പൗരാണിക പ്രൗഢിയോടെ പൂർത്തീകരിപ്പാനിടയായത് അഭിനന്ദനാർഹ മാണ്.

വാത്സല്യമക്കളെ,

'ഒരു പിതാവ് തന്റെ കുഞ്ഞുങ്ങളെയെന്നോണം ദൈവം നമ്മെ കാത്തു പരിപാലിക്കു ന്നു, സ്വന്തമക്കളെക്കുറിച്ച് തനിക്ക് ചില പ്രതീക്ഷകളുണ്ട്' എന്ന ബോധ്യം നാമേവരെയും ഭരിക്കേണ്ടതാണ്. നാളത്തെ സഭയുടെ ഗതിവിഗതികൾ നിർണ്ണയിക്കുന്നതിൽ നാമേവരു ടെയും ബോധ്യങ്ങൾക്ക് സവിശേഷപ്രാധാന്യമുണ്ട്. ധാർമ്മികമൂല്യവും ജീവിതസാക്ഷ്യവു മുള്ളവരുടെ കൂടിച്ചേരലാകണം പ. സഭ. മൂല്യാധിഷ്ഠിത ജീവിതം അപ്രസക്തമാകുന്നു; 'ലാഭം നേടലാണ് ജീവിതവിജയ'മെന്ന മാനദണ്ഡം സകല മണ്ഡലങ്ങളിലും വ്യാപിക്കുന്നു; പ. സഭയിലും അത്തരം വിചാരമുള്ളവർ ഏറുന്നുവോ എന്ന് നാം സന്ദേഹിക്കുന്നു. ദൈവിക മൂല്യങ്ങളെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർക്ക് ജീവിതം ദുഷ്കരമാകുന്ന സാഹചര്യം ഉള വാകുന്നു; പൊതുനന്മയെന്ന ലക്ഷ്യം അവഗണിക്കുന്നു; ഓരോ ജഡവും താന്താന്റെ വഴി

വഷളാക്കുന്നു; സ്വന്തശരികളിൽ അഭിരമിക്കുന്നു; മത്സരമേറുന്നു; പക്ഷംപിടിക്കുന്നവർ പെരുകുന്നു; പിണക്കം വർദ്ധിക്കുന്നു. അപ്പോസ്തോലിക പ്രബോധനം നാം ധ്യാനിക്കണം: "അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിയുക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും ഇന്ദ്രിയമോഹങ്ങളിൽപ്പെട്ടുഴലുന്നവരും ഉഗ്രൻമാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയന്മാരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക." തിമോത്തിയോസിനുള്ള രണ്ടാം ലേഖനം മൂന്നാം അദ്ധ്യായം). പരിശുദ്ധ പരുമല തിരുമേനി ഭാരപ്പെടുന്നതിങ്ങനെയാണ്: "പൂർവ്വിക അപ്പോസ്തോലിക സഭയെന്നുള്ള മഹത്വം ഘോഷിച്ചുകൊണ്ട് നടക്കുന്നതു മാത്രമല്ലാതെ അപ്പോസ്തല സ്ഥാനത്തിനടുത്ത യാതൊരു വേലയും ഉപദേശവും നടത്താതെയും അതിന് അറിവും ശേഷിയുമില്ലാതെയും നിർജ്ജീവാവസ്ഥയിൽ ആയിരിക്കുന്നതുമാത്രമല്ല, പള്ളികളിൽ തമ്മിൽ തമ്മിൽ സമാധാനമില്ലാത്ത ജന്തുക്കളെപ്പോലെ കടിപിടികൂടി നശിച്ച് നശിച്ച് മേൽഗതിയില്ലാതെ നിന്ദാപാത്രമാകുന്നു". പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ ശാസന ഇപ്രകാരമാണ്: "സഭയുടെ ഭരണം രാജ്യഭരണം പോലെയല്ല. സഭ മേലിൽ നിന്ന്, അഥവാ ദൈവത്തിൽ നിന്നാണ്. ഇന്ന് ലോകസമ്പ്രദായങ്ങൾ കണ്ടുപഠിച്ച് താന്താന്റെ ഇഷ്ടത്തിനും അധികാരത്തിനും വേണ്ടി പ്രവർത്തിക്കുന്നു.ദൈവ തിരുനാമ മഹത്വത്തിന് വേണ്ടിയല്ല എന്ന് വരുത്തിക്കൂട്ടിയിരിക്കുന്നു". പ്രിയ മക്കളേ, സ്ഥാനമാനങ്ങൾക്കും അംഗീകാരത്തിനും വേണ്ടിയുള്ള നെട്ടോട്ടം വളരെ വർദ്ധിച്ചിരിക്കുന്ന കാലമാണിത്. സ്ഥാനമാനങ്ങൾ നേടിയെടുക്കേണ്ടതല്ല; തേടി വരേണ്ടതാണ് എന്ന് നാം പ്രത്യേകം ഓർക്കണം. ദൈവഭയമുള്ളവരും യോഗ്യരും മൂല്യങ്ങളിൽ അടിയുറച്ച് വിശ്വസിക്കുന്നവരും സത്സ്വഭാവികളും വരും തലമുറയ്ക്ക് അനുകരിപ്പാൻപോന്ന നല്ല മാതൃകാ ജീവിതമുള്ളവരുമായ വ്യക്തികൾ സഭയുടെ ഭരണ ചക്രത്തിലുണ്ടാകണം. ദുർവാശിയാലും ദുരഭിപ്രായത്താലും ഒന്നും ചെയ്തുകൂടാ. ജനാധിപത്യതത്വങ്ങളും എപ്പിസ്കോപ്പൽ ഭരണശൈലിയും പരസ്പരപൂരകമായി സമ്മേളിക്കുന്ന ഭരണവ്യവസ്ഥിതിയാണ് പ. സഭയുടേത്. നാം ഇന്ന് ഇവിടെ സമ്മേളിച്ചിരിക്കുന്നത് വൈദീക ട്രസ്റ്റിയെയും അൽമായ ട്രസ്റ്റിയെയും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളെയും തെരഞ്ഞെടുക്കുന്നതിന് വേണ്ടിയാണല്ലോ. ദൈവാത്മ പ്രചോദിതരായി ഈ ചുമതല നിങ്ങൾ നിർവ്വഹിക്കണം. തന്റെ മണവാട്ടിയായ സഭയുടെ ഈ വലിയ ചുമതലക്കാരെ സ്വർഗീയ മണവാളനായ കർത്താവുതന്നെ നിങ്ങളിലൂടെ തെരഞ്ഞെടുക്കട്ടെ എന്ന് ബലഹീനനായ നാം പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

വാത്സല്യ മക്കളേ,

സമൂഹത്തിൽ വർദ്ധിതമാകുന്ന അക്രമവും അധാർമ്മികതയും നാമേവരെയും വ്യസനിപ്പിക്കുന്നവയാണ്. മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗവും കുറ്റകൃത്യങ്ങളും ഏറുന്നു. ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ച നമ്മുടെ ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മനുഷ്യ സ്വഭാവത്തിന്റെ നൈർമ്മല്യം നഷ്ടമാകുന്നുവോ എന്നതാണ് ഏറെ ആശങ്കപ്പെടുത്തുന്നത്. ദൈവത്തോടും മനുഷ്യരോടുമുള്ള സത്യസന്ധത, നിർവ്യാജസ്നേഹം, പരസ്പരബഹുമാനം, വിശ്വസ്തത, നിയോഗങ്ങളോടുള്ള സമർപ്പണം എന്നിവയിലൊക്കെ വന്നുഭവിക്കുന്ന അപചയങ്ങൾ അത് ശരിവയ്ക്കുന്നു. പ്രദർശനപരതയി

ലൂന്നി നാം നടത്തുന്ന ചൂഷണങ്ങൾ നമ്മുടെ കാലാവസ്ഥയെപ്പോലും ബാധിച്ചിരിക്കുന്നു. നമ്മുടെ ആന്തരികപ്രകൃതിയിലെ ലാഭേച്ഛയുടെ പരിണിതിയാണ് നാം ഇന്ന് നേരിടുന്ന ഭീകരമായ വരൾച്ചക്കാലം. മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ പ്രകൃതികളിലെ നനവില്ലായ്മകളെ പ്രതിരോധിക്കേണ്ടത് പ. സഭയുടെ ആത്മീയ ഉത്തരവാദിത്വമാണ്. ആത്മതപനത്തിന്റെ കണ്ണീർമഴകൾ നമ്മുടെ ഹൃദയനിലത്തെ നനയ്ക്കട്ടെ. ആ നനവിൽ നിന്ന് പുറപ്പെടുന്ന കരുണയുടെ പ്രവാഹങ്ങൾ ഈ ഭൂമിയുടെ മുഖത്തെ പുതുക്കട്ടെ.

വാത്സല്യ മക്കളെ,

അജണ്ടായിൽ നിശ്ചയിച്ചിരിക്കുന്ന എല്ലാ നടപടികളുടെയും അനുഗ്രഹകരമായ പൂർത്തീകരണത്തിനായി നിങ്ങളേവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം നാം ആവശ്യപ്പെടുന്നു. പൂർണ്ണ സമർപ്പണത്തോടും ദൈവാശ്രയത്തോടുംകൂടെ വരുന്ന അഞ്ചുവർഷം ചുമതലകൾ നിർവ്വഹിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

കാലാവധി പൂർത്തിയാക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച എല്ലാ അംഗങ്ങളെയും, വിശേഷാൽ വൈദിക ട്രസ്റ്റിയായി പ്രവർത്തിച്ച ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് കത്തനാരെയും അത്മായ ട്രസ്റ്റിയായി പ്രവർത്തിച്ച ശ്രീ. എം. ജി. ജോർജ്ജ് മുത്തൂറ്റിനെയും, അസ്സോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫിനെയും നാം അഭിനന്ദിക്കുകയും അവരുടെ നിസ്തുലമായ പ്രവർത്തനങ്ങൾക്ക് ദൈവം പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ അസ്സോസിയേഷൻ യോഗ ക്രമീകരണങ്ങൾക്ക് ചുക്കാൻ പിടിച്ച നമ്മുടെ സഹോദരൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ, ജനറൽ കൺവീനറായി പ്രവർത്തിച്ച അസ്സോസിയേഷൻ സെക്രട്ടറി, വിവിധ കമ്മറ്റിയംഗങ്ങൾ എന്നിവരെ നാം അഭിനന്ദിക്കുന്നു.

മലങ്കര സഭയുടെ നിലനിൽപ്പിനും അഭ്യുന്നതിക്കും വേണ്ടി അദ്ധ്വാനിച്ച അർക്കദിയാക്കോൻമാരുടേയും, മാർത്തോമ്മാ മെത്രാപ്പോലീത്തന്മാരുടേയും, ഭാഗ്യസ്മരണാർഹരായ നമ്മുടെ മുൻഗാമികളുടെയും, പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് പിതാവിന്റെയും, മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അക്ഷീണം യത്നിച്ച പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെയും മദ്ധ്യസ്ഥതയിൽ നമുക്ക് ശരണപ്പെടാം. സഭാഗാത്രത്തിന് പോറലേൽക്കാതിരിക്കുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം ഒരുമിച്ച് നീങ്ങാം. അതിന് ദൈവത്തിന്റെ പരിശുദ്ധ റൂഹാ നമ്മെ സഹായിക്കട്ടെ.

പിതൃപുത്ര പരിശുദ്ധാത്മാവാം ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**